III. അടിയന്തിരപ്രമേയം

ചന്ദന കള്ളക്കടത്ത് കേസ് അന്വേഷിക്കാൻ മറയൂരിലെത്തിയ വനപാലകരെ ചന്ദനമാഫിയ സംഘം ആക്രമിച്ച സംഭവം

മി. സ്പീക്കർ: ചന്ദന കള്ളക്കടത്ത് കേസ് അന്വേഷിക്കാൻ മറയൂരിലെത്തിയ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെട്ട വനപാലക സംഘത്തെ ചന്ദനമാഫിയ സംഘംചേർന്ന് ആക്രമിച്ച് പരിക്കേൽപ്പിക്കുകയും 15 വനപാലകരെ വെട്ടും കുത്തുമേറ്റ് പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും, ഔദ്യോഗിക കൃത്യനിർവ്വഹണം അസാദ്ധ്യമാക്കുകയും പോലീസ് കാഴ്ചക്കാരായി നോക്കിനിൽക്കുകയും ചന്ദനമാഫിയ സൈരവിഹാരം വാഴുകയും ചന്ദനക്കാടുകൾ കൈയ്യേറ്റം ചെയ്യുന്നതുമൂലവും മറയൂരിലും പരിസര പ്രദേശങ്ങളിലും ഉണ്ടായിരിക്കുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സത്വരനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാന്യരായ കെ. കെ. ജയചന്ദ്രൻ, കെ. പി. രാജേന്ദ്രൻ, സി. കെ. നാണു, എ. എ. അസീസ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, ഡോ. കെ. സി. ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): മറയൂർ ടൗണിൽവച്ച് ഇന്നലെ രാവിലെ പത്തര മണിയോടെ മറയൂർ ഫോറസ്റ്റ് റേഞ്ച് ഉദ്യോഗസ്ഥർ ഫോറസ്റ്റ് കേസിൽ ഉൾപ്പെട്ട തമിഴ്കുമാർ എന്നയാളെ അറസ്റ്റ് ചെയ്ത് വാഹനത്തിൽ കയറ്റാൻ ശ്രമിച്ചു. ആ സമയം പ്രതിയുടെ സഹായികൾ ഇരുപതോളംപേർ വാഹനം തടഞ്ഞ് തമിഴ് കുമാറിനെ ഫോറസ്റ്റ് ഉദ്യോഗസ്ഥരിൽനിന്നും ബലമായി മോചിപ്പിക്കാൻ ശ്രമിച്ചു. ആറ് ഫോറസ്റ്റ് ഉദ്യോഗസ്ഥർക്കും തമിഴ്കുമാറിനും പരിക്കുപറ്റി. ഇതു സംബന്ധിച്ച് കേസ്സ് എടുത്തിട്ടുണ്ട്. തമിഴ്കുമാർ, സതീഷ് കുമാർ, ബാലമുരുകൻ, അനീഷ്, ബാലു എന്നിവരെ അറസ്റ്റുചെയ്തു. തുടർന്ന് വൈകിട്ട് ആറ് മണിയോടുകൂടി അടിമാലി, ദേവികുളം, ചിന്നാർ, മറയൂർ എന്നീ ഫോറസ്റ്റ് റേഞ്ച് ഓഫീസർമാർ ഉൾപ്പെടെ നാല് ജീപ്പുകളിലായി സഞ്ചരിച്ചിരുന്ന ഫോറസ്റ്റ് ഉദ്യോഗസ്ഥരെ ചാട്ടമൂന്നാർ ചെക്ക് പോസ്റ്റിന് സമീപംവച്ച് രണ്ട് ജീപ്പുകളിലായിവന്ന, ചന്ദനകള്ളക്കടത്തുമായി ബന്ധമുണ്ടെന്ന് സംശയിക്കുന്ന വനരാജ് എന്നയാളുടെ നേതൃത്വത്തിലുള്ള പാമ്പൻമല സ്വദേശികളായ മുപ്പതോളംപേർ തടഞ്ഞ് ആക്രമിച്ചു. ആക്രമണത്തിൽ 10 ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് പരിക്കുപറ്റി. വിവിധ ആശുപത്രികളിൽ അവർ ചികിൽസ തേടി. ഇക്കാര്യത്തിൽ മറയൂർ ഫോറസ്റ്റ് റേഞ്ച് ഓഫീസറുടെ മൊഴി വാങ്ങി വധശ്രമത്തിനും പൊതുമുതൽ നശിപ്പിക്കലിനും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ജില്ലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സുശക്തമായ പോലീസ് സംഘം സംഭവസ്ഥലത്ത് ക്യാമ്പ് ചെയ്ത് പ്രതികൾക്കുവേണ്ടി വ്യാപകമായ തെരച്ചിൽ നടത്തിവരുന്നു.

ശ്രീ. കെ. കെ. ജയചന്ദ്രൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ലാഘവത്തോടെയാണ് മറയൂരിൽ ഇന്നലെ നടന്ന ചന്ദന മാഫിയയുടെ ആക്രമണത്തെ സംബന്ധിച്ച് ഇവിടെ പ്രതിപാദിച്ചത്. ചന്ദനമാഫിയയുമായി ബന്ധമുണ്ടെന്ന ഹൈക്കോടതി പരാമർശത്തെത്തുടർന്ന് ഇന്നലെ ഒരു മന്ത്രി രാജിവയ്ക്കുകയുണ്ടായി. ഇന്ന് പുതിയ സംഭവങ്ങൾ ഉണ്ടായത് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നത്. ഏകദേശം രണ്ട് മാസങ്ങൾക്കുമുമ്പ് വനത്തിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

ചന്ദനം മുറിച്ചുകൊണ്ടിരുന്ന സമയത്ത് മറയൂർ റേഞ്ച് ഓഫീസർ പിടികൂടിയപ്പോൾ മാരകായുധങ്ങൾ കാണിച്ച് വിരട്ടി അവിടെനിന്നും രക്ഷപ്പെട്ട പ്രതിയെയാണ് ഇന്നലെ ഫോറസ്റ്റുകാർ പിടിക്കാൻ പിന്തുടർന്ന് ചെന്നത്. ആ പ്രതിയെ അറസ്റ്റ് ചെയ്തത് ഫോറസ്റ്റ് ഓഫീസും മറയൂർ പോലീസ് സ്റ്റേഷനും ഇരിക്കുന്ന മറയൂർ ടൗണിൽ വച്ചാണ്. അവിടെവച്ച് ഉണ്ടായ ആക്രമണത്തിൽ നിരവധി ഫോറസ്റ്റുകാർക്ക് പരിക്കുപറ്റുകയും അവരെ അടിമാലി ഗവണ്മെന്റ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിരിക്കുകയുമാണ്. മാത്രമല്ല, വനപാലകരെ ആക്രമിച്ച സംഭവം നടക്കുമ്പോൾ പോലീസുകാർ 100 മീറ്റർ അടുത്തുണ്ടായിരുന്നിട്ടും വനപാലകരെ സംരക്ഷിക്കുന്ന നിലപാടല്ല സ്വീകരിച്ചത്. ആക്രമണത്തിൽ പരിക്കേറ്റ് അവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചശേഷം ചാട്ടമൂന്നാർ ഫോറസ്റ്റ് ചെക്ക് പോസ്റ്റ് ആക്രമിക്കാൻ സാദ്ധ്യതയുണ്ടെന്ന് അറിഞ്ഞതുകൊണ്ടാണ് കൂടുതൽ ഫോറസ്റ്റ് ഉദ്യോഗസ്ഥർ അങ്ങോട്ടുപോകാൻ ഇടയായത്. ചാമൂന്നാറിന് സമീപമുള്ള പള്ളനാട് വച്ചാണ് ആക്രമണം നടക്കുന്നത്. കരുതിക്കൂട്ടിനിന്നിരുന്ന ഒരു സെറ്റ് ഗുണ്ടകൾ ആദ്യം വനപാലകർ സഞ്ചരിച്ചിരുന്ന ജീപ്പിനുനേരെ ബോംബെറിയുകയാണ് ചെയ്തത്. ആക്രമണത്തെത്തുടർന്ന് ചിതറിയോടിയ വനപാലകരെ പിന്തുടർന്നാണ് ആക്രമിച്ചത്. യഥാർത്ഥത്തിൽ ഈ ആക്രമണത്തിൽ ഫോറസ്റ്റുകാർ മരിക്കാതിരുന്നത് ആക്രമികൾ വന്ന വാഹനം മറിഞ്ഞതുകൊണ്ടാണ്. അവിടെ നടന്ന ആക്രമണത്തിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർക്കും അവരുടെകൂടെയുണ്ടായിരുന്ന മറ്റ് ഉദ്യോഗസ്ഥർക്കും ഗുരുതരമായി പരിക്ക് പറ്റി. ഈ ആക്രമികളുടെ കയ്യിൽ ബോംബ്, വടിവാൾ, കമ്പിവടി തുടങ്ങിയ മാരകായുധങ്ങളുണ്ടായിരുന്നു. ഈ ആയുധനങ്ങൾ കൊണ്ടാണ് ആക്രമിക്കുകയും ഗുരുതരമായി പരിക്കേൽപ്പിക്കുകയും ചെയ്തത്. ഇതിൽ ഗൗരവമായി എടുക്കേണ്ട കാര്യം, കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മറയൂർ റേഞ്ചിന്റെ അതിർത്തിയിൽ മാത്രം ഇരുപതോളം കേസുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത് എന്നതാണ്. ഈ 20 കേസുകളിൽ ഗുരുതരമായി കാണേണ്ടത് നാല് ആക്രമണങ്ങൾ ഫോറസ്റ്റുകാർക്ക് നേരെ നടത്തിയിട്ടുണ്ട് എന്നതാണ്. അതിലെല്ലാമുള്ള പ്രതികൾ ഈ പ്രദേശത്ത് തന്നെയുള്ളവരാണ്. മാത്രമല്ല പോലീസിലും നല്ല സ്വാധീനമുള്ളവരാണ്. പോലീസ് ഇവരുടെ സംരക്ഷകൻമാരാണ്. ഭരണത്തിലിരിക്കുന്നവരുടെ സ്വാധീനം ഇല്ലെങ്കിൽ മറയൂർ പോലീസ് സ്റ്റേഷന് മുൻപിൽ വച്ച് നിരന്തരമായി ആക്രമണം നടത്താനുള്ള ധൈര്യം എങ്ങനെയാണ് ഇവർക്കുണ്ടാകുന്നത്? മാത്രമല്ല ..... (ബഹളം) ..... ഞാൻ പറയട്ടെ, ഇതിലൊരു ഭരണകക്ഷി അംഗത്തിന് പങ്കുണ്ടെന്ന് ഞാൻ പറഞ്ഞില്ല, ശ്രീ. മണിക്ക് പങ്കുണ്ടെന്ന് ഞാൻ പറഞ്ഞില്ലല്ലോ? ഞാൻ പറഞ്ഞത്, 2004 ജൂലായ് 30-ന് പകൽ 1.30-ന് ചന്ദനം കടത്തിക്കൊണ്ടുവന്ന ടി. എൻ. വൈ. 6181-ാം നമ്പർ മിനി ബസ് ഫോറസ്റ്റ് ഓഫീസർ പിടിച്ചു. അതിന്റെ മഹസർ തയ്യാറാക്കിക്കൊണ്ടിരുന്ന സമയത്ത് ഒരു സംഘം ആളുകൾ അവിടെ ചെന്നിട്ട് ഈ വനപാലകരെ ബന്ദികളാക്കി എന്നുമാത്രമല്ല, അവിടെയുണ്ടായിരുന്ന ആറ് ബസുകൾ കത്തിക്കുകയും ചെയ്തു. കത്തിച്ചതിന് നേതൃത്വം കൊടുത്തത് വട്ടവയലിൽ ജോയി എന്നയാളാണ്. അവരുടെ രാഷ്ട്രീയമൊന്നും ഞാൻ പറയുന്നില്ല. വട്ടവയലിൽ ജോയി എന്നയാളുടെ ബസാണ് അവിടെ ഫോറസ്റ്റുകാർ പിടിച്ചത്. പിടിച്ച വാഹനവും അതോടൊപ്പമുണ്ടായിരുന്ന മറ്റ് വാഹനങ്ങളും ഫോറസ്റ്റ് ഓഫീസിൽ കിടന്നിരുന്ന വാഹനങ്ങളും കത്തിച്ചു. അവർ ഇന്നും മറയൂർ ടൗണിലൂടെ വിലസിക്കൊണ്ടി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുകയാണല്ലോ? അവരുടെ ബന്ധം ആരുമായിട്ടുള്ളതാണെന്ന് പരിശോധിച്ചാൽ മനസ്സിലാകും. അതുകൊണ്ടാണ് ചന്ദന മാഫിയയ്ക്ക് സഹായം ചെയ്തു കൊടുക്കുന്നുവെന്ന് ഞാൻ പറഞ്ഞത്. മറയൂരിലെ വേണു എന്ന ഒരു എസ്.ഐ.-യെ ചന്ദനം കടത്തിക്കൊണ്ടുപോകുന്ന സന്ദർഭത്തിൽ ഫോറസ്റ്റുകാർ പിടിച്ചു. അയാളെ ആദ്യം സസ്പെന്റ് ചെയ്യുകയും പിന്നീട് റീ-ഇൻസ്റ്റേറ്റ് ചെയ്യുകയും ചെയ്തിരിക്കുകയാണ്. മറയൂർ പോലീസ് സ്റ്റേഷനിൽ തന്നെ മറ്റൊരു പോലീസുകാരനേയും ഇതുപോലെ പിടികൂടിയിട്ടുണ്ട്. അതിന്റെ അർത്ഥമെന്താണ്? ചന്ദനമാഫിയയുമായി മറയൂരിലുള്ള പോലീസ് അവിഹിതമായി ബന്ധം പുലർത്തുന്നു, ആ പോലീസുകാരെ സംരക്ഷിക്കുന്ന നിലപാട് ഇവിടെ ഗവൺമെന്റും ഡിപ്പാർട്ടുമെന്റും സ്വീകരിക്കുന്നു എന്നല്ലേ? സംസ്ഥാന വ്യാപകമായി ബന്ധമുള്ള ഒരു സംഘമാണ് ഇത്. അടുത്തകാലത്ത് ഹരിപ്പാട് കേന്ദ്രീകരിച്ച് ചന്ദന മാഫിയ പ്രവർത്തനങ്ങൾ നടത്തുന്നു എന്നവിവരമുണ്ട്. മറയൂരിൽ നിന്നും സാൻട്രോ കാറിൽ ചന്ദനം കടത്തിക്കൊണ്ടുവന്നു. അത് പിടികൂടി. ഫോറസ്റ്റുകാർ പിടികൂടിയ ഈ കേസിൽ മറയൂർ പോലീസ് എന്ത് നിലപാടാണ് സ്വീകരിച്ചത്? മറയൂർ പോലീസുകാർ ആ വണ്ടി മാറ്റി പകരം ഒരു മാരുതി വാൻ വച്ച് കേസെടുത്തു. അതുമാത്രമല്ല, റാന്നി ഡി.എഫ്.ഒ.യുടെ ഓഫീസിന് മുൻപിലുണ്ടായിരുന്ന ചന്ദനമരം അടുത്തനാളിലാണ് മുറിച്ചുകൊണ്ടുപോയത്. പാലക്കാട് മണ്ണാർക്കാട് റെയ്ഞ്ചാഫീസിനോട് ചേർന്ന സ്ഥലത്ത് ഫോറസ്റ്റുകാർ റെയ്ഡിന് പോയപ്പോൾ ആക്രമിക്കപ്പെട്ട സംഭവം ഒന്നുരണ്ട് മാസം മുൻപാണ് ഉണ്ടായത്. തിരുവനന്തപുരത്ത് കനകക്കുന്ന് കൊട്ടാരത്തിന് മുമ്പിൽ നിന്നിരുന്ന ചന്ദനമരം മുറിച്ചുകൊണ്ടുപോയത് ഈ അടുത്തനാളിലാണ്. ഇതുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ വരികയും ആ ആക്ഷേപങ്ങൾ നിരവധി പ്രാവശ്യം ഈ സഭയിലും ഗവൺമെന്റിന്റെ ശ്രദ്ധയിലുംപെടുത്തിയിട്ടുള്ളതുമാണ്. ഏറ്റവും അവസാനമാണ് മന്ത്രി രാജിവയ്ക്കുന്ന സംഭവങ്ങളിലേക്ക് കാര്യങ്ങൾ നയിച്ചത്. ചന്ദന മാഫിയ സംഘം മുമ്പും ഇതേ ചെക്കുപോസ്റ്റ് ആക്രമിച്ചിട്ടുണ്ട്. അവിടെ ആക്രമണം നടക്കാൻ സാദ്ധ്യതയുണ്ടെന്നുള്ളതും പോലീസിന് അറിയാം. പോലീസ് 3 മണിക്കൂറിന് ശേഷമാണ് ഇടപെട്ടത് എന്നാണ് ഫോറസ്റ്റുകാർ പറയുന്നത്. പോലീസും മാഫിയയും ഗവൺമെന്റും എല്ലാം ചേർന്നുള്ള ഒരു അവിഹിതമായ ബന്ധത്തിന്റെ ഭാഗമായിട്ട് കൂടിയാണ് ഈ സംഭവം നിരന്തരമായി അവിടെ ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. മറയൂരിൽ ഇനി ചന്ദനം വളരെ കുറച്ചേയുള്ളു. അവശേഷിക്കുന്നതുപോലും സംരക്ഷിക്കാൻ ഗവൺമെന്റ് യാതൊരു ബാദ്ധ്യതയും ഉത്തരവാദിത്വവും കാണിക്കുന്നില്ല. അവിടെ ആയുധങ്ങളുമായി ഗുണ്ടകൾ അഴിഞ്ഞാടുകയാണ്. അതിനെത്തുടർന്ന് ജനങ്ങൾ ഭയവിഹ്വലരായിരിക്കുകയാണ്. പളനാട്, ചാട്ടമൂന്നാർ, പാമ്പൻമല തടുങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾ വളരെയധികം ഭീതിയിലാണ്. ഗൗരവമായ ഈ സ്ഥിതിവിശേഷം കണക്കിലെടുത്ത് സഭാനടപടികൾ നിർത്തിവച്ച് ഈ പ്രശ്നം ചർച്ച ചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സംസ്ഥാനത്തിന്റെ ഒരു അമൂല്യ സ്വത്താണ് ചന്ദനം. അത് സംരക്ഷിക്കുന്നതിന് എല്ലാ വിധത്തിലുമുള്ള നടപടികളുമെടുക്കാൻ ഗവൺമെന്റ് തയ്യാറാണ്. ഇന്ന് പൂർണ്ണമായും ആ സംരക്ഷണം നടക്കുന്നുണ്ടെന്ന് ഞങ്ങളാരും അവകാശപ്പെടുന്നില്ല. ചില നഷ്ടങ്ങളൊക്കെ വരുന്നുണ്ട്. ഇന്നലെ ആദ്യം നടന്ന സംഭവത്തിൽ അഞ്ച് പേരെ ആ സ്പോട്ടിൽ നിന്നുതന്നെ അറസ്റ്റ് ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അവരെ ഇന്ന് രാവിലെ കോടതിയിൽ ഹാജരാക്കും. കർശനമായിട്ടുള്ള നിയമനടപടി സ്വീകരിക്കും. മറ്റ് പ്രതികൾക്ക് വേണ്ടിയുള്ള തെരച്ചിൽ നടക്കുകയാണ്. രണ്ടാമത്തെ സംഭവം, അങ്ങ് തന്നെ ഇടയ്ക്കൊന്ന് സമ്മതിച്ചു, ഒരു ജീപ്പ് മറിഞ്ഞതിനെത്തുടർന്നാണ് പ്രശ്നങ്ങൾ ഉണ്ടായതെന്ന്. ഇത് ഒരു ടൗണിൽ വച്ച് ഉണ്ടായ സംഭവമല്ല.

ശ്രീ. കെ. കെ. ജയചന്ദ്രൻ: ജീപ്പ് മറിഞ്ഞതുകൊണ്ടാണ് കൊലപാതകം ഒഴിവായത് എന്നാണ് പറഞ്ഞത്.

ശ്രീ. ഉമ്മൻചാണ്ടി: അതുതന്നെയാണ് പറഞ്ഞത്. സംഭവം നടന്നത് ഇങ്ങനെയാണ്. എല്ലാ സ്ഥലത്തുനിന്നുമുള്ള ഫോറസ്റ്റ് ഉദ്യോഗസ്ഥർ ഒരുമിച്ചുകൂടി ശക്തമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഒന്നിച്ചു നാല് ജീപ്പിലായി പോവുകയായിരുന്നു. പോകുന്ന സമയത്താണ് രണ്ട് ജീപ്പ് കണ്ടത്. ആ രണ്ട് ജീപ്പിലുള്ള ആളുകളെ തിരിച്ചറിഞ്ഞു. അവർ ചന്ദനക്കടത്തുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് ഉദ്യോഗസ്ഥർ അന്വേഷിക്കുന്നവരും കേസിലെ പ്രതികളും ആണെന്ന് അറിഞ്ഞുകൊണ്ട് ആ രണ്ട് ജീപ്പുകളെ ചേസ് ചെയ്ത് പുറകെ പോയി. പോയപ്പോൾ അവരുടെ ജീപ്പ് മറിഞ്ഞു. ജീപ്പ് മറിഞ്ഞപ്പോൾ റോഡ് ബ്ലോക്കായി. രണ്ട് ജീപ്പിൽ വന്നവർ ഫോറസ്റ്റ് ഉദ്യോഗസ്ഥരെ ആക്രമിക്കുകയാണ് ചെയ്തത്. ഇത് പോലീസിന്റെ സാന്നിദ്ധ്യത്തിലല്ല സംഭവിച്ചത്. മറയൂർ ജംഗ്ഷനിലല്ല. കുറച്ച് ഉള്ളിലോട്ട് നടന്ന സംഭവമാണ്. ചന്ദന മാഫിയയ്ക്കെതിരെ ശക്തമായിട്ടുള്ള നടപടികളെടുക്കാനുള്ള തീരുമാനത്തിന്റെ ഫലമായി എല്ലാ റേഞ്ചിൽ നിന്നുള്ള ഫോറസ്റ്റ് ഉദ്യോഗസ്ഥരേയും സംഘടിപ്പിച്ചുകൊണ്ട് നടത്തിയ ശ്രമത്തിനിടയിലാണ് ഇവരെ കണ്ടെത്തുന്നത്. അവരെ പിടിക്കാൻ വേണ്ടി നടത്തിയ ശ്രമത്തിനിടയിലാണ് ഒരു ജീപ്പ് മറിഞ്ഞത്. തുടർന്ന് ആ രണ്ട് ജീപ്പിലുള്ളവർ കയറി കടന്നാക്രമം നടത്തുകയാണ് ചെയ്തത്. ശക്തമായിട്ടുള്ള നടപടികൾ ഇതിനെതിരായി നടത്തും. ചന്ദനത്തിന്റെ സംരക്ഷണത്തിന് വേണ്ടി അവിടെ ഒരു പ്രത്യേക ഫോറസ്റ്റ് ഡിവിഷൻ ഒരാഴ്ചയ്ക്കുള്ളിൽ രൂപീകരിക്കും. ഇന്ന് വനം വകുപ്പിന്റെ ചാർജ് വഹിക്കുന്ന മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവിടെപ്പോയി സ്ഥലം നേരിട്ട് സന്ദർശിച്ച് അവിടുത്തെ ജനപ്രതിനിധികളും പൊതുപ്രവർത്തകരും വനം വകുപ്പ് ഉദ്യോഗസ്ഥരും എല്ലാവരുമായി ആലോചിച്ചിട്ട് നമ്മുടെ ഈ അമൂല്യസമ്പത്ത് സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ എന്തൊക്കെയാണെന്ന് നോക്കി അതിനുവേണ്ടിവരുന്ന സാമ്പത്തിക ചെലവ് എന്തായിരുന്നാലും ആ ചെലവ് വകവയ്ക്കാതെ തന്നെ അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കും, ഇവിടെ തുടർച്ചയായി ആക്രമണമുണ്ടാകുന്ന സാഹചര്യമുണ്ട്. ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് ആയുധം ഉപയോഗിക്കുന്നതിനുള്ള പരിമിതികളെക്കുറിച്ച് ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് ആയുധങ്ങൾ നൽകാനും ആയുധങ്ങൾ ഉപയോഗിക്കാനുമുള്ള അവകാശം നൽകാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. അത് ഏത് വിധത്തിൽ എങ്ങനെ എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം മന്ത്രിയുടെ സന്ദർശനം കഴിഞ്ഞതിനുശേഷം തീരുമാനമെടുക്കുന്നതാണ്. അവിടെ ഉന്നത പോലീസുദ്യോഗസ്ഥരുണ്ട്. പ്രതികൾക്ക് വേണ്ടിയുള്ള തെരച്ചിൽ തുടരുകയാണ്. പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്. അവരെ അറസ്റ്റ് ചെയ്യും. അക്കാര്യത്തിൽ യാതൊരു അമാന്തവും ഉണ്ടാകില്ലെന്ന് ഉറപ്പ് പറയുന്നു. ശ്രീ. ജയചന്ദ്രനും വലിയ തോതിൽ രാഷ്ട്രീയം പറഞ്ഞില്ല. കാരണം ശ്രീ. ജയചന്ദ്രന്

LIBRARY ARCHIVES Kerala Legislative Assembly

പറയാൻ പറ്റില്ല. അറസ്റ്റിലായ പ്രതികളുടെ സ്വഭാവം വച്ച് നോക്കുമ്പോൾ പറയാൻ സാധിക്കില്ല. ഞങ്ങൾ ഇതുപോലെയുള്ള കാര്യങ്ങളെ രാഷ്ട്രീയവൽക്കരിക്കാൻ ശ്രമിക്കുന്നില്ല. വൈശാലി, കാളി, മഹേന്ദ്രൻ ഇവരൊക്കെ ആരാണെന്നും അവരുടെ രാഷ്ട്രീയ ബന്ധമെന്താണെന്നും ശ്രീ. ജയചന്ദ്രൻ അന്വേഷിച്ചാൽ കൊള്ളാം. ഇതിനകത്ത് രാഷ്ട്രീയമല്ല ഗവൺമെന്റ് നോക്കുന്നത്. എന്ത് കുറ്റം ചെയ്തുവെന്നാണ് നോക്കുന്നത്. അതുകൊണ്ട് കർശനമായിട്ടുള്ള നടപടികൾ സ്വീകരിക്കും. ഞങ്ങൾക്ക് വേണമെങ്കിൽ ഇന്നലെ അറസ്റ്റ് ചെയ്ത പ്രതികളുടെ രാഷ്ട്രീയ സ്വഭാവം വച്ചുകൊണ്ട് നിങ്ങളെ നിശബ്ദമാക്കാൻ സാധിക്കും. ഞാൻ അതിലേക്ക് പോകുന്നില്ല..... (ബഹളം).....

ശ്രീ. കെ. കെ. ജയചന്ദ്രൻ : അവിടെ എടുത്തിരിക്കുന്ന കേസുകളെക്കുറിച്ച് എണ്ണിയെണ്ണി പറയാമെന്ന് പറഞ്ഞല്ലോ ഒന്നും പറയാനില്ല. നിങ്ങളുടെ മണ്ഡലം പ്രസിഡന്റ് അടക്കമുള്ള ആളുകളുണ്ട്. ഞാൻ അവരുടെ പേര് ഒന്നും പറഞ്ഞില്ലല്ലോ ?. ഞാൻ അത് ഒന്നും പറയാത്ത സ്ഥിതിക്ക് മുഖ്യമന്ത്രി ഇങ്ങനെയൊരു പ്രതികരണം നടത്തിയത് വളരെ മോശമായിപ്പോയി.

10.00 A.M.]

ശ്രീ. ഉമ്മൻചാണ്ടി : അതല്ല. ഞാൻ പറഞ്ഞത്, ഞാൻ അങ്ങോട്ട് പറഞ്ഞില്ലല്ലോ. പക്ഷേ ഞാൻ ഇതേ പറഞ്ഞുള്ളു. ഇന്നലെ അറസ്റ്റ് ചെയ്ത അഞ്ചു പേരിൽ വൈശാലി, കാളി, മഹേന്ദ്രൻ, മനോജ് എന്നീ നാലുപേർ ആരാണ് എന്ന് ശ്രീ. ജയചന്ദ്രൻ അന്വേഷിക്കണമെന്നു മാത്രമേ പറഞ്ഞുള്ളു.....(ബഹളം)..... അറസ്റ്റു ചെയ്യും. ഏത് പാർട്ടിയിൽപ്പെട്ടവരാണെങ്കിലും അറസ്റ്റ് ചെയ്യും. യാതൊരു സംശയവും വേണ്ട. ഞങ്ങൾ ഇതൊന്നും രാഷ്ട്രീയവൽക്കരിക്കാൻ ശ്രമിക്കുന്നില്ല. ആരായിരുന്നാലും കർശനമായിട്ടുള്ള നടപടികൾ സ്വീകരിക്കും. യാതൊരു സംശയവുമില്ല. ഇന്നലെ ഫോറസ്റ്റ് ഉദ്യോഗസ്ഥരെ ആക്രമിച്ച എല്ലാ പ്രതികളേയും അറസ്റ്റ് ചെയ്തിരിക്കും. യാതൊരു സംശയവുമില്ല. അവർക്ക് വധശ്രമം, പൊതു മുതൽ നശീകരണം തുടങ്ങിയ വകുപ്പുകൾ ഇട്ട് കർശനമായിട്ടുള്ള നിയമ നടപടികൾ സ്വീകരിക്കും. ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് എല്ലാവിധ സംരക്ഷണവും കൊടുക്കും. ഇന്ന് സഭാനടപടികൾ നിർത്തിവെച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല എന്നാണ് അഭിപ്രായം.

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സഭ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യേണ്ട ഒരു ഗൗരവസ്ഥിതി ഉള്ളതായിട്ട് തോന്നുന്നില്ല. അതുകൊണ്ട് അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്.അച്ചുതാനന്ദൻ) : ബഹുമാനപ്പെട്ട സ്പീക്കർ, ഈ ഫോറസ്റ്റ് ഉദ്യോഗസ്ഥർ അല്ലെങ്കിൽ വനപാലകർ എന്നു പറയുന്നവർ സർക്കാരിന്റെ ഉദ്യോഗസ്ഥരാണ്. സർക്കാർ ഉദ്യോഗസ്ഥരായിട്ടുള്ള ആളുകൾ കോടതി വിധിയുടെ അടിസ്ഥാനത്തിൽ തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വം നിറവേറ്റുന്നതിനു വേണ്ടി നിയമവിരുദ്ധമായി വന്ന് ചന്ദനത്തടി വെട്ടിക്കൊണ്ടുപോകുന്ന കള്ളന്മാർക്ക് എതിരായി, ഈ ദ്രോഹികൾക്ക് എതിരായി കർശനമായ നടപടികൾ സ്വീകരിക്കാൻ തുനിയുമ്പോൾ ആ ഉദ്യോഗസ്ഥരെ സംരക്ഷിക്കാൻ മുഖ്യമന്ത്രിയുടെ ആഭ്യന്തര വകുപ്പിന് കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പോലീസ് ആഫീസർമാർക്ക് കഴിയാതെ

LIBRARY ARCHIVES Kerala Legislative Assembly

വരുന്നു എന്നുള്ളതുകൊണ്ടുതന്നെയാണ് വിവിധ പ്രദേശങ്ങളിലെ ഫോറസ്റ്റ് ഉദ്യോഗസ്ഥരെ കേന്ദ്രീകരിപ്പിച്ച് തങ്ങളെ സംരക്ഷിക്കാൻവേണ്ടിയുള്ള പ്രവർത്തനങ്ങൾ അവർതന്നെ നടത്തുന്നത്. ഈ ഫോറസ്റ്റ് ഉദ്യോഗസ്ഥരെല്ലാം അവിടെ കേന്ദ്രീകരിച്ചിട്ട് അക്രമികളെ ചേയ്സ് ചെയ്യുന്നു. എന്തുകൊണ്ടാണ് ഒരു പ്രദേശത്തെ ഫോറസ്റ്റ് ഉദ്യോഗസ്ഥർ ആക്രമണത്തിന് വിധേയരാകുമ്പോൾ പോലീസ് അനങ്ങാത്തത് ? മണ്ണാർക്കാട് ഇതു പോലെയുള്ള ആക്രമണം കഴിഞ്ഞ ദിവസം നടന്നു. അപ്പോഴും പോലീസ് കൈയും കെട്ടി നോക്കി നിൽക്കുകയായിരുന്നു. ഈ ചന്ദന മാഫിയായ്ക്കുള്ള സ്വാധീനം വളരെ വലുതാണ്, മറയൂരിൽ നിന്നും ചന്ദനം മോഷ്ടിച്ച് 24 ഫാക്ടറികളിലേക്ക് എത്തിക്കുന്ന ഒരു സ്ഥിരം സംഘം ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്നുള്ളതാണ് സത്യം. അങ്ങനെയുള്ള എല്ലാപേരേയും അറസ്റ്റ് ചെയ്ത് കസ്റ്റഡിയിലെടുത്തിട്ട് അവർക്ക് അർഹമായ ശിക്ഷ നൽകാനുള്ള നടപടി സ്വീകരിക്കാൻ തയ്യാറുണ്ടോ ? തയ്യാറില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഈ കഴിഞ്ഞ രണ്ട് രണ്ടര കൊല്ലമായി ഈ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ നടത്തുന്ന എന്റെ നിരന്തരമായ ശ്രമത്തിന്റെ ഫലശൂന്യത കാണുന്നത് അവിടെയാണ്. ഞാൻ കഴിഞ്ഞ ദിവസം അവിടെപ്പോയി. ആദ്യം ഉണ്ടായിരുന്നതും നഷ്ടപ്പെട്ടതുമായ എല്ലാ ചന്ദനമരങ്ങളെ സംബന്ധിച്ച് മനസ്സിലാക്കുകയും മുഖ്യമന്ത്രിക്കും ഫോറസ്റ്റ് മന്ത്രിക്കും അതിനെ സംബന്ധിച്ച് ഞാൻ കത്ത് എഴുതുകയും ആ കത്ത് പത്രത്തിൽ വരുകയും ചെയ്തു. അത് ചുമതലാബോധമുള്ള ഒരു വക്കീൽ പ്രശ്നമായി എടുത്ത് കോടതിയിൽ അവതരിപ്പിച്ചതിന്റെ ഫലമായി 24 ഫാക്ടറികളും നിയമവിരുദ്ധമായിട്ട് നടത്തുന്ന ഫാക്ടറികളാണെന്നും അവയെല്ലാം അടച്ചുപൂട്ടണമെന്നും കോടതി ഉത്തരവിട്ടത് കഴിഞ്ഞ 19-ാം തീയതിയാണ്. അതിനെത്തുടർന്നു ചുമതല വളരെയധികം ഗൗരവത്തോടെ നിറവേറ്റാനുള്ള ബാധ്യത വനപാലകരായിട്ടുള്ള ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് ഉണ്ടാവുകയും അവർ ഈ ഫാക്ടറികൾ അടച്ചുപൂട്ടാനുള്ള ശ്രമകരമായ പ്രവർത്തനത്തിൽ ഏർപ്പെടുകയും ചെയ്തു. ഗവൺമെന്റിൽ നിന്ന് അതിനു വേണ്ടപോലെയുള്ള സഹായം കിട്ടിയില്ല. പോലീസ് ആകട്ടെ ഇത്തരം അക്രമികൾക്ക് കൂട്ടുനിൽക്കുകയാണ്. ഈ സാഹചര്യത്തിലാണ് ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞത് അവിടെ സ്വയം രക്ഷയ്ക്കാവശ്യമായ ആധുനിക ആയുധങ്ങൾ നൽകണമെന്ന്. ആ ആയുധങ്ങൾ തോളിൽ വച്ചുകൊണ്ട് നടന്നാൽ പോര ; അവരുടെ സംരക്ഷണത്തിനുവേണ്ടി ഉപയോഗിക്കുന്നതിനുള്ള അവകാശ അധികാരം കൊടുക്കണം. അതുവഴി നമ്മുടെ വലിയ വിലപ്പെട്ട സമ്പത്തായ ചന്ദനത്തോട്ടം സംരക്ഷിക്കുക എന്നുള്ള നിലയിലുള്ള നടപടി സ്വീകരിക്കണം. ഈ പ്രശ്നത്തെ തുടർന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് രാജിവയ്ക്കേണ്ടി വന്ന ഉത്കണ്ഠാജനകമായ സ്ഥിതിയുണ്ടായിട്ടും ഇപ്പോഴും എന്നാൽ ഒന്നു കാണട്ടെടാ എന്നതിന്റെ അടിസ്ഥാനത്തിൽ ഒരു വെല്ലുവിളിയോടു കൂടി മൂന്നാറിലും മണ്ണാർക്കാടും എല്ലാംതന്നെ വനപാലകരുടെ നേരെ ഈ ആക്രമണം നടത്തിയിരിക്കുകയാണ്. ആവർത്തിച്ചാവർത്തിച്ച് നടപടിയെടുക്കാൻ പോവുകയാണ്, ഞങ്ങൾ വിടാൻ പോകുന്നില്ല. ഒരു സംഗീതാത്മകമായ മറുപടിയാണ് പറയുന്നത്. ചുമതലാബോധത്തോടുകൂടി ഈ കാര്യം ചെയ്യുന്നതായി തോന്നുന്നില്ല. മുഖ്യമന്ത്രിയോടും അങ്ങയോടുമുള്ള ബഹുമാനത്തോടുകൂടി ഞാൻ പറയുകയാണ്; പ്രശ്നം സീരിയസ്സായി കൈകാര്യം ചെയ്യുന്നില്ല. അങ്ങയറ്റത്തെ പ്രതിഷേധത്തോടുകൂടി വാക്കൗട്ട് ചെയ്യേണ്ടതാണ്. എങ്കിലും കുറച്ചുകൂടി ഉത്തരവാദിത്വത്തോടുകൂടി കർശനമായ നടപടി എടുക്കാൻ അങ്ങ് തയ്യാറുണ്ടോ എന്ന് ഞാൻ മുഖ്യമന്ത്രിയോട് ചോദിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായി ഞാൻ ഉൾക്കൊള്ളുകയാണ്. ഗവൺമെന്റ് കർശനമായിട്ടുള്ള നടപടി സ്വീകരിക്കും. വനപാലകരുടെ സംരക്ഷണത്തിന് പൂർണ്ണമായി ഗവൺമെന്റിന്റെ പിന്തുണയുണ്ടാകും. അവർക്ക് വേണ്ട സംരക്ഷണം കൊടുക്കും. അവർക്ക് പുതിയ തരത്തിലുള്ള ആയുധം കൊടുക്കാനും ഉപയോഗിക്കാനുമുള്ള അവകാശം കൊടുക്കുമെന്നു പറഞ്ഞുകഴിഞ്ഞു. മന്ത്രി ഒരാഴ്ചക്കുള്ളിൽ സ്ഥലം സന്ദർശിച്ച് തിരിച്ചുവന്നതിനുശേഷം അങ്ങുമായിട്ടുകൂടി സംസാരിച്ച ശേഷം ആവശ്യമായിട്ടുള്ള നടപടികൾ എടുക്കാമെന്നാണ് പറഞ്ഞിരുന്നത്. അങ്ങുമായിട്ടുകൂടി ആലോചിക്കും. ഏതായാലും നമ്മുടെ, അമൂല്യ സമ്പത്ത് സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കും.

പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ഇതിനെല്ലാം കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥരെ ഉടൻതന്നെ സ്ഥലംമാറ്റണം.

IV. ശ്രദ്ധക്ഷണിക്കൽ

(1) തിരുവനന്തപുരം നഗരത്തെ മെട്രോ നഗരമാക്കി ഉയർത്തൽ

ശ്രീ. പിരപ്പൻകോട് മുരളി : സർ, തലസ്ഥാന നഗരികൂടിയായ തിരുവനന്തപുരത്തെ ഒരു മെട്രോ നഗരമാക്കി ഉയർത്താൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കാനാണ് ഈ ശ്രദ്ധക്ഷണിക്കൽ. ഒരു നഗരത്തെ മെട്രോ നഗരമായി ഉയർത്തണമെങ്കിൽ 10 ലക്ഷത്തിൽ കുറയാത്ത ജനസംഖ്യ വേണം. അതിനുള്ള ആദ്യപടിയെന്നുള്ള നിലയ്ക്കാണ് കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റ് കടകംപള്ളി, ആറ്റിപ്ര, ഉള്ളൂർ, മനമം, തിരുവല്ലം തുടങ്ങിയ തൊട്ടടുത്തുള്ള പഞ്ചായത്തുകൾകൂടി തിരുവനന്തപുരം സിറ്റിയോട് ചേർത്തത്. ഈ പഞ്ചായത്തുകൾ കൂട്ടിച്ചേർക്കുന്നതിനു മുമ്പ് നഗരത്തിലെ ജനസംഖ്യ 4.75 ലക്ഷമായിരുന്നു. ഈ പഞ്ചായത്തുകൾകൂടി ചേർത്തപ്പോൾ 7.5 ലക്ഷമായി ഉയർന്നു. ഇപ്പോൾ തിരുവനന്തപുരം നഗരത്തിന് ബി (1) പദവിയാണുള്ളത്. മെട്രോ നഗരമാക്കിയാൽ ഉണ്ടാകാവുന്ന നേട്ടങ്ങളെ സംബന്ധിച്ച് ഞാൻ പ്രത്യേകം പറയേണ്ട കാര്യമില്ല മെട്രോ നഗരമാക്കണമെങ്കിൽ ഇനിയും ചില പഞ്ചായത്തുകൾ കൂടി കൂട്ടിച്ചേർക്കേണ്ടതുണ്ട്. സിവിൽ സ്റ്റേഷൻ ആസ്ഥാനമാക്കാൻ തീരുമാനിച്ചിട്ടുള്ള കുടപ്പനക്കുന്ന്, സീപോർട്ട് ഉൾക്കൊള്ളുന്ന വിഴിഞ്ഞം, ആവശ്യമെങ്കിൽ ശ്രീകാര്യം, വിളപ്പിൽ പഞ്ചായത്തുകൾ കൂടി ഉൾപ്പെടുത്തി നഗരത്തിന്റെ ജനസംഖ്യ പത്ത് ലക്ഷമാക്കി ഉയർത്തണമെന്നാണ് എന്റെ അഭ്യർത്ഥന. എന്നാൽ സങ്കുചിതമായ കക്ഷി താല്പര്യങ്ങൾ മാത്രം മുന്നിൽവച്ചുകൊണ്ട് എൽ. ഡി. എഫ്. കൂട്ടിച്ചേർത്ത പഞ്ചായത്തുകൾപോലും നഗരത്തിൽനിന്ന് വേർപെടുത്താൻ ഗൂഢശ്രമങ്ങൾ നടക്കുന്നതായാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന്റെ ഫലമായി നഗരത്തിന്റെ പദവി ബി (2) ആയി താഴാനും സാദ്ധ്യതയുണ്ട്. അതുകൊണ്ട് പഞ്ചായത്തുകൾ വേർപെടുത്തുന്നതിന് എടുക്കാൻ പോകുന്ന തീരുമാനം പിൻവലിക്കണം. അതുപോലെ പഞ്ചായത്തുകൾ വേർപെടുത്തുന്നതിൽ ഇപ്പോൾ എത്തിയിട്ടുള്ള ചില നിഗമനങ്ങൾ ശരിയല്ല. അതിൽ പറയുന്നത് എൽ.ഡി.എഫ്.-നും സി.പി.ഐ. (എം)-നും മുതിപക്ഷം കിട്ടാൻവേണ്ടി മാത്രമാണ് പഞ്ചായത്തുകൾ കൂട്ടിച്ചേർത്തത് എന്നാണ്. നിലവിൽ 81 വാർഡുകളാണുള്ളത്. പഴയ നഗരത്തിൽ 56 വാർഡുകളാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly